LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിലെ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം

76 (2654) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിലെ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം എത്ര സെക്ഷനുകളിൽ നടപ്പാക്കിയിട്ടുണ്ട് ;

(ബി) ഈ പരിപാടി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതുവഴി ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടി വരുമോ ;

(ഡി) എങ്കിൽ കുറയ്ക്കേണ്ടിവരുന്ന ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 77 സെക്ഷനുകളിൽ

(ബി) ഉണ്ട്.

(സി&ഡി) സ്പോട്ട് ബില്ലിംഗിലെ ജോലിയുടെ സ്വഭാവമനുസരിച്ച് നിലവിലുള്ള നോംസിന് വിധേയമായും സ്പോട്ട് ബില്ലർമാരുടെ എണ്ണം കൂടുതലായി വേണ്ടിവരും. എന്നാൽ അതനുസരിച്ച് സീനിയർ അസിസ്റ്റന്റ്/ കാഷ്യർമാരുടെ എണ്ണത്തിൽ കുറവു വരും. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വർക്ക് സ്റ്റഡി നടത്തി കഴിഞ്ഞാലേ കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ.

കെ.എസ്.ഇ.ബി. സുൽത്താൻ ബത്തേരി മേജർ സെക്ഷന്റെ കീഴിൽ വൈദ്യുതി കണക്ഷനുവേണ്ടി നൽകിയ അപേക്ഷകൾ

77 (2655) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. സുൽത്താൻ ബത്തേരി മേജർ സെക്ഷന്റെ കീഴിൽ 1999 ഏപ്രിൽ മാസം മുതൽ പണമടച്ച നോർമൽ ഡബ്ല്യൂ.പി.കാർക്കും 1999 നവംബർ മുതൽ പണമടച്ച ഒ.വൈ.സി. ഡബ്ല്യൂ.പി.കാർക്കും മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ പണമടച്ചവർക്കും അടക്കം എത്രപേർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട് എന്നറിയിക്കാമോ ;

(ബി) സുൽത്താൻബത്തേരി മേജർ സെക്ഷനിലേയ്ക്ക് മീറ്റർ അലോക്കേഷൻ ഇല്ലാത്തതിനാലും ആവശ്യമായ മെറ്റീരിയൽസ് ഇല്ലാത്തതിനാലും കണക്ഷൻ നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സുൽത്താൻബത്തേരി മേജർ സെക്ഷനിലേയ്ക്ക് ആവശ്യമായ മീറ്ററുകളും മെറ്റീരിയൽസും അനുവദിച്ചുകൊടുക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1999 ഏപ്രിൽ മാസം മുതൽ പണമടച്ച നോർമൽ ഡബ്ല്യു.പി. - 476 എണ്ണം

1999 നവംബർ മാസം മുതൽ പണമടച്ച ഒ.വൈ.ഇ.സി. ഡബ്ല്യു.പി. - 75 എണ്ണം

മിനിമം ഗ്യാരന്റിയിൽ പണമടച്ചവർ - 114 എണ്ണം

(ബി) കല്പറ്റ ഇലക്ട്രിക് സർക്കിളിൽ ലഭ്യമാകുന്ന മീറ്ററും മെറ്റീരിയൽസും ആനുപാതികമായി പ്രസ്തുത സർക്കിളിന് കീഴിൽ വരുന്ന സുൽത്താൻബത്തേരി സെക്ഷനും അലോക്കേറ്റ് ചെയ്യുന്നുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

പുതിയ ജലവൈദ്യുത പദ്ധതികൾ

78 (2656) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരിസ്ഥിതിക്ക് കോട്ടം വരാത്തരീതിയിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യത്തിൽ ആവശ്യമായ മുൻകരുതൽ നടപടികൾ ഇപ്പോൾ സ്വീകരിച്ചു വരുന്നുണ്ട്.

വെള്ളരൂരിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി

79 (2657) കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ വെള്ളരൂരിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വെള്ളരൂരിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകുമോ ;

(സി) ഇതിന്റെ പണി ഈ വർഷത്തിൽ തന്നെ പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വെള്ളരൂരിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പണികൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly